ഡിസംബർ 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,
ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

മലങ്കര സഭാതാരകയിലെ മെത്രാപ്പോലീത്തായുടെ കത്തിലൂടെ ഏവരെയും അഭിസംബോധന ചെയ്യുവാനിടയാകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. 2020-ാമാണ്ടിന്റെ അവസാന മാസത്തിലേക്ക് ദൈവം തന്റെ കൃപയാൽ നമ്മെ പ്രവേശിപ്പിച്ചു. ഏറെ പ്രതീക്ഷകളോടെയാണ് ഈ വർഷം നാം ആരംഭിച്ചത്. അവിചാരിതമായ ഒട്ടനവധി സംഭവങ്ങൾക്ക് 2020 സാക്ഷ്യം വഹിച്ചു. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ദേഹവിയോഗം സഭാ സംബന്ധമായി നമ്മെ ഏവരേയും ദുഖത്തിലാഴ്ത്തി. തിരുമേനിയുടെ ധന്യമായ ജീവിതത്തിനായും, നിസ്തുലമായ നേതൃത്വത്തിനായും ദൈവത്തിന് നന്ദികരേറ്റാം. കബറടക്ക ശുശ്രൂഷയും അനുസ്മരണ സമ്മേളനവും അനുഗ്രഹപ്രദമായി ക്രമീകരിപ്പാൻ ഇടയായി. രാഷ്ട്രീയ സാമൂഹികസാംസ്ക്കാരികമതസഭാ നേതാക്കളിൽ നിന്നും, ഉദ്യോഗസ്ഥപ്രമുഖരിൽ നിന്നും, സർക്കാർ സംവിധാനങ്ങളിൽ നിന്നും മാധ്യമപ്രവർത്തകരിൽ നിന്നും ലഭിച്ച സഹായ സഹകരണങ്ങൾ നിസ്തുലമാണ്. തിരുമേനിയെക്കുറിച്ചുള്ള ദീപ്തമായ സ്മരണകൾ നമ്മെ കൂടുതൽ കർമ്മനിരതരാക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

2020 നവംബർ 14 ന് നടന്ന മെത്രാപ്പോലീത്താ സ്ഥാനാരോഹണ ശുശ്രൂഷയും അനുമോദന സമ്മേളനവും ഏറെ ധന്യമായിരുന്നു. തുടർന്നും സമൃദ്ധമായ ദൈവകൃപ വ്യാപരിക്കേണ്ടതിന് ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ പിൻതുണ ഏറെ ആവശ്യം. സഭയുടെ നാഥനായ ക്രിസ്തുവിനോട് ചേർന്ന് ലോകത്തിന് വെളിച്ചമായി പ്രശോഭിക്കുവാൻ വരുംകാലങ്ങളിലും സഭയ്ക്ക് സാധിക്കണം.

2020 ഒക്ടോബർ മാസം 27ന് കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് നമ്മുടെ തിരുമേനിമാരുടെ ഭദ്രാസന ചുമതലയിലും അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ചുമതലയിലുണ്ടായിരുന്ന വിദേശ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ചുമതലയിലും വരുത്തിയ പുനക്രമീകരണം 2020 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽ വരികയാണല്ലോ. പുതുതായി ചുമതല ഏല്ക്കുന്ന തിരുമേനിമാർക്ക് ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനായി ഏവരും പ്രാർത്ഥിക്കുകയും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കത്തക്കവിധം ഏവരും സഹകരണങ്ങൾ നല്കുകയും വേണം.

കോവിഡ്19 സമാനതകളില്ലാത്ത വിധം ലോകത്തെ കീഴടക്കിയിരിക്കുകയാണ്. ലക്ഷക്കണക്കിനാളുകൾ ഇതിനകം മരണപ്പെട്ടു. മരിച്ചതിൻെറ എത്രയോ മടങ്ങ് ആളുകൾ രോഗത്തിന്റെ പ്രത്യാഘാതങ്ങൾ മൂലം വലയുന്നു. കോവിഡ് പ്രതിരോധിക്കാനുള്ള വാക്സിന്റെ കണ്ടുപിടുത്തത്തിനായി വിവിധ രാജ്യങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങൾ വിജയകരമായിത്തീരട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. കോവിഡ് രോഗികളായിത്തീരുന്നതിലും കൂടുതൽ ആളുകൾക്ക് ജോലിയും ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടു. പ്രവാസികളായ നമ്മുടെ പല സഹോദരങ്ങളും വലിയ പ്രതിസന്ധിയിലാണ്. ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് കൈത്താങ്ങലും സംരക്ഷണവും നൽകുവാൻ നാം കടപ്പെട്ടിരിക്കുന്നു.

കോവിഡ് മൂലം അനേകം മാസങ്ങൾ നമ്മുടെ ദൈവാലയങ്ങൾ അടച്ചിടേണ്ടി വന്നു. ആത്മീയ ശുശ്രൂഷയും പാസ്റ്ററൽ കെയറും ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ലഭ്യമാകേണ്ടിയിരുന്ന സമയത്ത് പലപ്പോഴും അത് ലഭ്യമായില്ല. ഇപ്പോൾ നമ്മുടെ ദൈവാലയങ്ങളിൽ പൊതു ആരാധന കോവിഡ് നിയന്ത്രണങ്ങളോടെ ആരംഭിച്ചു. എന്നാലും പ്രായപരിധികൊണ്ടും മറ്റ് നിയന്ത്രണങ്ങൾ മൂലവും ആരാധനയ്ക്ക് വരാൻ സാധിക്കാതെപോയിട്ടുള്ളവരെ വിസ്മരിക്കരുത്. അവർക്ക് ഓൺലൈൻ സംവിധാനങ്ങൾ തുടരുന്നത് അഭികാമ്യമാണ്. പ്രതിസന്ധികളുടെ മദ്ധ്യത്തിൽ പകച്ചു നിൽക്കുകയല്ല സഭയുടെ ദൗത്യം. ഉത്ഥിതനായ ക്രിസ്തു ഭയാശങ്കകളുടെ മദ്ധ്യത്തിൽ സമാധാനമാണ് ആശംസിച്ചത്. പരാജയത്തിന്റെയും നിരാശയുടെയും ഇടനാഴിയിൽ യാത്ര അവസാനിപ്പിക്കാനല്ല, മറിച്ച് ക്രിസ്തുവിനോട് ചേർന്ന് ലോകത്തെ പരിവർത്തിപ്പിക്കുന്ന പ്രത്യാശയുടെ സുവിശേഷം പകർന്ന് നൽകാനാണ് ക്രിസ്തു ശിഷ്യരെ നിയോഗിച്ചത്. ഇന്ന് സഭയുടെ മുന്നിലുള്ള വെല്ലുവിളിയും സമാനമാണ്. ഇത് തെരഞ്ഞെടുപ്പുകളുടെ കാലമാണ്. അമേരിക്കൻ ഐക്യനാടുകളിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞു. പുതുതായി ചുമതലയിൽ പ്രവേശിക്കുന്ന ഭരണാധികാരികൾക്കും ജനപ്രതിനിധികൾക്കും ലോകക്ഷേമത്തിനും ജനനന്മക്കും വേണ്ടി പ്രവർത്തിക്കുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും തെരഞ്ഞെടുപ്പ് നടക്കുകയാണ്. ബീഹാറിൽ ഒരു പുതിയ ഭരണകൂടം അധികാരത്തിൽ വന്നു. കേരളവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് ഒരുങ്ങുകയാണ്. ജാതിമതവർഗ്ഗവർണ്ണലിംഗ പരിഗണനകൾക്കതീതമായി നാടിന്റെ വികസനത്തിന് പ്രാദേശികതലത്തിൽ കഴിവുറ്റവരും നീതിക്കുവേണ്ടി നിൽക്കുന്നവരുമായ ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടേണ്ടത് ആവശ്യമാണ്. ജനാധിപത്യത്തിനുവേണ്ടി വാദിക്കുന്ന സമൂഹങ്ങളുടെ രോഷവും കരച്ചിലും പ്രതിഷേധകൊടുങ്കാറ്റുകളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപപ്പെട്ടുവരുന്നു. ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി ജനാധിപത്യ രീതിശാസ്ത്രങ്ങളെ നിരാകരിക്കുന്ന പലതരം സംഭവങ്ങൾക്കും കഴിഞ്ഞമാസം ലോകം സാക്ഷ്യം വഹിച്ചു. ബെലാറസിലും തായ്‌ലന്റിലും ഹോങ്കോങിലും തെരുവിൽ ഇറങ്ങിയ ജനസമൂഹം ഏകാധിപത്യ പ്രവണതകൾക്കെതിരെ ഉയർന്ന ശബ്ദങ്ങളായിരുന്നു. കോവിഡ്19 നിയന്ത്രണങ്ങൾ എല്ലാം കാറ്റിൽ പറത്തി ജനം തെരുവുകളിൽ തടിച്ചു കൂടുമ്പോൾ ജനാധിപത്യം എന്ന സങ്കല്പത്തെക്കുറിച്ചുള്ള ജനങ്ങളുടെ പ്രത്യാശ അവരുടെ മുഖങ്ങളിൽ ദർശിക്കാം.

യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ തെരഞ്ഞെടുപ്പിനു ശേഷം നടന്ന പ്രസ്താവനകളും പ്രകടനങ്ങളും ഒക്കെ ജനാധിപത്യത്തിൻെറ മറ്റൊരു മുഖവും കാട്ടിത്തരുന്നു. ബാലറ്റ് പെട്ടികളിലെ വോട്ടു ചോർച്ചയും വോട്ടുകൾ എണ്ണുന്നതിലെ പിഴവുകളും ഒക്കെ ഉയർത്തിക്കാട്ടി ഇലക്ട്രൽ ജനാധിപത്യത്തിന്റെ മറ്റൊരു മുഖം ചർച്ചയ്ക്കു വിഷയിഭവിക്കുന്നു. ജനാധിപത്യം എന്നത് പലപ്പോഴും വോട്ടുചെയ്യുന്ന ആളുകളിലെ ഭൂരിപക്ഷം എന്നാണ് പലരും മനസ്സിലാക്കിയിരിക്കുന്നത്, അങ്ങനെ വന്നാൽ ജനാധിപത്യം ഭൂരിപക്ഷ ആധിപത്യം ആയി മാറും. ഇവിടെ അത്തരം വ്യത്യാസങ്ങളില്ലാതെ നീതിബോധത്തിൽ അധിഷ്ഠിതമായി മുൻപോട്ട് പോകുവാൻ പ്രേരകമാകുന്നത് ഭരണഘടനയാണ്.

ഭൂരിപക്ഷ ന്യൂനപക്ഷ വ്യത്യാസം ഇല്ലാതെ ഉച്ചനീചത്വങ്ങളില്ലാതെ സാമൂഹ്യനീതിയിൽ അടിയുറച്ച ഭരണക്രമത്തെ വിഭാവനം ചെയ്യുന്ന ഭരണഘടന ഭാരതത്തിനു ലഭിച്ചിട്ട് ഈ നവംബർ 26 ന് എഴുപതു സംവത്സരം പൂർത്തിയായി. അംബേദ്ക്കറെയും മറ്റു ഭരണ

ഘടന ശില്പികളെയും ഇത്തരുണത്തിൽ നന്ദിയോടെ സ്മരിക്കുന്നു. ഭരണഘടന ഒരു രൂപരേഖമാത്രമെ ആകുന്നുള്ളു എന്നും അതിന്റെ വ്യാഖ്യാനങ്ങളാണ് ഏറെ പ്രാധാന്യം ഉള്ളതെന്നും തിരിച്ചറിയുമ്പോൾ തന്നെ ഭരണഘടനയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി നീതിക്കുവേണ്ടി നിലകൊള്ളാനുള്ള ഉൾബോധം നമുക്കുണ്ടാവണം. ജനങ്ങൾക്ക് തുല്യനീതി ഉറപ്പാക്കുവാനുള്ള ബാധ്യത ഭരണകൂടത്തിനും നിയമസംവിധാനങ്ങൾക്കും ഉണ്ട് എന്ന വസ്തുത ഉത്തരവാദിത്തപ്പെട്ടവർ മറക്കരുത്. അതിനുവിരുദ്ധമായി സംഭവിച്ചാൽ അത് ഒരു രാജ്യത്തിന്റെ കെട്ടുറപ്പിനെ തന്നെ ബാധിച്ചേക്കാം.

ഇന്ന് സാമൂഹ്യ സാമ്പത്തിക തലങ്ങളിൽ നാം നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. ഏറ്റവും മൂല്യവത്തായ അവകാശങ്ങളെന്ന് കരുതിപ്പോരുന്ന സമത്വവും നീതിയും നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളാണ് ദേശീയവും അന്തർദേശീയവുമായ മേഖലകളിൽ ഇന്ന് സംജാതമായിരിക്കുന്നത്. ജാതിമതവംശീയ വിവേചനങ്ങൾക്ക് അറുതി വരുത്തുന്ന ദർശനങ്ങളും പ്രവർത്തനങ്ങളുമാണ് ഇന്നാവശ്യം. സാമ്പത്തിക വിനിമയ രംഗത്ത് ഇൻഡ്യ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു. നീതിയിലും കരുണയിലും അധിഷ്ഠിതമായ ഒരു സാമൂഹ്യ ക്രമത്തിനുവേണ്ടിയുള്ള പ്രവർത്തനം നമ്മുടെ ദൗത്യനിർവ്വണത്തിന്റെ ഭാഗമായിത്തന്നെ കാണണം. നമ്മുടെ ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും നാം ഗൗരവമായി ചിന്തിക്കണം. ഗ്രാമങ്ങൾ നഗരങ്ങളായി മാറുകയും നഗരങ്ങളിൽ ജനസാന്ദ്രത വർദ്ധിക്കുകയും ചെയ്തതോടെ പരിസ്ഥിതി സംതുലനം തന്നെ താളം തെറ്റി. കവി പാടിയതുപോലെ 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?' അതിജീവനത്തിനായി ജനതകളെയും സമൂഹത്തെയും ശാക്തീകരിക്കുന്ന ശക്തികേന്ദ്രങ്ങളായിമാറുകയാണ് സഭയുടെയും അതിന്റെ പ്രാദേശിക ഘടകങ്ങളായ ഇടവകകളുടെയും ധർമ്മം.

ഡിസംബർ 10 ഹ്യൂമൻ റൈറ്റ്സ് ഡേ ആണ്. മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടാതെയിരിക്കേണ്ടത് അന്തസുറ്റ ജീവിതം നയിക്കുവാൻ ഏതൊരു മനുഷ്യനുമാവശ്യമാണ്. ബലഹീനരും ബലവാന്മാരും ശ്രേണീബദ്ധമായി നിലനില്ക്കുന്ന ലോകത്തിൽ മനുഷ്യന്റെ അടിസ്ഥാനപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടേ മതിയാകൂ. അന്തസ്സായി ജീവിക്കുവാനുള്ള അവകാശം എല്ലാവർക്കും ഉണ്ട് എന്ന് നാം തിരിച്ചറിയണം. ഡിസംബർ 18 ദേശീയ ന്യൂനപക്ഷ ദിവസമായി വേർതിരിച്ചിരിക്കുന്നു. സാമൂഹ്യ നവമാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്ന ന്യൂനപക്ഷ പീഡനകഥകൾ ഏറെ ഭയപ്പെടുത്തുന്നതാണ്. ന്യൂനപക്ഷഭയത്തിൽ നിന്നും അപകർഷതാബോധത്തിൽ നിന്നും നാം പുറത്തുവരണം. ജാതിയും സമ്പത്തും വേർതിരിവുകൾക്കുള്ള മാനദണ്ഡങ്ങളായി സ്വീകരിച്ചിരിക്കുന്ന ഭാരതത്തിൽ ഗ്രാമങ്ങളിലെ സ്ഥിതി ഏറെ മോശമാണ്. നിലവിലെ ഭരണഘടന ഉറപ്പുനല്കുന്ന ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത എല്ലാ ഭരണകൂടത്തിനുമുണ്ട്.

പുതുച്ചേരി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി ശ്രീ. റോയി പി.തോമസ് നിയമിതനായി എന്നറിയുന്നതിൽ സന്തോഷമുണ്ട്. എറണാകുളം ഇളംകുളം യെരുശലേം ഇടവകാംഗവും ഈ പദവിയിലെത്തുന്ന ആദ്യ മലയാളിയുമാണ് ശ്രീ. റോയി. സഭയുടെ അനുമോദനങ്ങൾ അറിയിക്കുന്നു. ശ്രീ. റോയിയുടെ സഹധർമ്മിണി ശ്രീമതി ലീനാ തോമസ് സഭകളുടെ ദേശീയ കൗൺസിൽ (NCCI) ഉപാദ്ധ്യക്ഷയാണ് എന്നതും സന്തോഷകരമാണ്. കുടുംബമായി ദൈവം അനുഗ്രഹിക്കട്ടെ.

മാർത്തോമ്മാ സഭയുടെ ചില ഉറ്റ സുഹൃത്തുക്കൾ അടുത്ത കാലങ്ങളിൽ നമ്മെവിട്ട് കടന്ന് പോയി. ആത്മീയതയെ സാമൂഹ്യ വിഷയങ്ങളുമായി ബന്ധിപ്പിക്കുവാൻ വേണ്ടി തന്റെ ജീവിതകാലം ഉഴിഞ്ഞുവച്ച സ്വാമി അഗ്നിവേശ് വിടവാങ്ങി. സാമൂഹ്യ വിമോചനത്തിലൂടെയുള്ള രൂപാന്തരമാണ് കാലഘട്ടത്തിനാവശ്യമെന്ന് തിരിച്ചറിഞ്ഞ ഈ മനുഷ്യസ്നേഹി നമ്മുടെ സഭയുടെ ഒരുറ്റ സുഹൃത്തായിരുന്നു. സി എസ്. ഐ. സഭയിലെ വൈദീകനും ബാംഗ്ലൂർ തിയോളജിക്കൽ കോളേജ് പ്രിൻസിപ്പാളുമായിരുന്ന റവ. ഡോ. ഇ. സി.ജോൺ നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു. ഏഷ്യയിലെത്തന്നെ ഏറ്റവും മികച്ച ദൈവശാസ്ത്രപഠനകേന്ദ്രമായി യു. റ്റി. സി. യെ വളർത്തിയെടുത്തതിലുള്ള അച്ചന്റെ പങ്ക് നിർണ്ണായകമായിരുന്നു. മലയാള ഭാഷയിലെ ആദ്യ 'ബൈബിൾ വിജ്ഞാന കോശം' എന്ന ബ്രഹത്ഗ്രന്ഥരചനയുടെ ചീഫ് എഡിറ്ററും നിരവധി പുസ്തകങ്ങളുടെ രചയിതാവുമായിരുന്നു അദ്ദേഹം.

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ജനകീയ നായകൻ ശ്രീ.ടി.പീറ്ററും വിടവാങ്ങി. അന്തരിച്ച ഫാ. തോമസ് കോച്ചേരിയോടും മറ്റും ചേർന്ന് വിശ്വാസത്തിന് വിമോചനത്തിൻെറ മാനം നല്കി ദളിത് ആദിവാസി വിഭാഗങ്ങളുടെ നീതിക്കായുള്ള പോരാട്ടങ്ങൾക്ക് അദ്ദേഹം നേതൃത്വം നല്കി. ഈ ശ്രേഷ്ഠവ്യക്തികളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. കായംകുളം സെന്റർ മാർത്തോമ്മാ മിഷന്റെ തറയിൽകടവ് ശാലേം മാർത്തോമ്മാ ഇടവകയുടെ പുനരുദ്ധരിച്ച ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിപ്പാൻ സാധിച്ചു. ദശകങ്ങൾക്ക് മുമ്പ് ഭാഗ്യസ്മരണീയനായ ഡോ.ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തിൽ ആരംഭിച്ച തീരദേശമിഷൻ പ്രവർത്തന മേഖലയാണിത്. പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് മിസ്സ് കെല്ലവയാണ്. സുനാമിയിൽ സാരമായി കേടുപറ്റിയ ആരാധനാലയം പുനരുദ്ധരിക്കുന്നതിനും ആരാധനയ്ക്ക് സജ്ജമാക്കുന്നതിനും സാധിച്ചു എന്നത് സന്തോഷകരമാണ്. ഡിസംബർ മാസം 6-ാം തീയതി ഞായറാഴ്ച നാം വേദപുസ്തക ഞായറായി ആചരിക്കുന്നു. ലോകത്തിന് പ്രതീക്ഷയും സൗഖ്യവും രൂപാന്തരവും നൽകുന്ന ദൈവവചനത്തിനായി സ്തുതി അർപ്പിക്കുന്ന സന്ദർഭമാണിത്.

അനിശ്ചിതത്വവും ഭീതിയും നിറയുന്ന ഈ കാലത്ത് ദൈവവചനം അതിജീവനത്തിനായി നമ്മെ സജ്ജമാക്കുന്നു. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും വിശ്വാസസമൂഹം ഈ ശുശ്രൂഷയിൽ പങ്കാളികൾ ആകുകയും ചെയ്യേണ്ടത് നമ്മുടെ ദൗത്യമാണ്. യോഹന്നാൻ സ്നാപകന്റെ ജനന സംഭവമാണ് ആഗമനകാലത്തെ ഒന്നാം ഞായറാഴ്ചയിലെ ധ്യാന വിഷയം. സെഖര്യാ പുരോഹിതന് ലഭിച്ച അറിയിപ്പ് യോഹന്നാന്റെ ജനനത്തിൽ സാക്ഷാത്ക്കരിക്കപ്പെടുന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ട് നിശ്ചലമായിരുന്ന ഒരു ഭവനത്തിലും കാലഘട്ടത്തിലുമാണ് യോഹന്നാൻ എന്ന പൈതൽ പിറക്കുന്നത്. ഈ ജനനം ഒരു ഭവനത്തിന് മാത്രമല്ല ഒരു ദേശത്തിന്റെ മുഴുവൻ സന്തോഷത്തിന് കാരണമായി. യോഹന്നാൻ-ദൈവത്തിൻെറ കരുണ ലഭിച്ചു-എന്ന് പൈതലിന് പേരിടുന്നതിലൂടെ നിലവിലിരുന്ന രീതികൾ മാറ്റിമറിക്കപ്പെടുകയും സമൂഹത്തിൽ അമ്പരപ്പ് ഉളവാക്കുകയും ചെയ്യുന്നു. അത് പുതിയ യുഗത്തിൻെറ വിളംബരമായി മാറുന്നു. ചില പേരുകളുടെ പരിമിതിക്കുള്ളിൽ തളച്ചിടപ്പെടേണ്ടതല്ല ദൈവരാജ്യത്തിന്റെ മുന്നേറ്റം. ദൈവാത്മാവ് പ്രചോദിപ്പിക്കുന്ന പുതിയ ജീവിതവ്യവസ്ഥയിൽ പുതിയ പേരുകളും പുതുയാത്രാവഴികളും അനിവാര്യമാണ്. ദൈവീക അറിയിപ്പിൽ ഉറച്ച് വിശ്വസിക്കുന്ന എലീസബേത്തിന്റെ ധീരമായ നിലപാടിലൂടെയാണ് യോഹന്നാൻ എന്ന നാമകരണം സാദ്ധ്യമാകുന്നത്. 'ഈ പൈതൽ എന്താകും' എന്ന ജനത്തിന്റെ ആശ്ചര്യം ഓരോ ശിശുവിലും ദൈവം കരുതിവയ്ക്കുന്ന വലിയ സാദ്ധ്യതകളുടെ വെളിപ്പെടുത്തലാണ്. ഡിസംബർ മാസം 13, ആഗമന കാലത്ത് രണ്ടാം ഞായറാഴ്ച, നാം ധ്യാനിക്കുന്നത് യോസഫിനോടുള്ള അറിയിപ്പാണ്. യഹൂദ പാരമ്പര്യത്തിന്റെയും നിയമത്തിന്റെയും പിൻബലത്തിൽ തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ട വ്യക്തിയെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ച ജോസഫ് ദൈവീക അരുളപ്പാടിന്റെ വെളിച്ചത്തിൽ തന്റെ തീരുമാനം മാറ്റുന്നു. തനിക്കുണ്ടാകാവുന്ന അഭിമാനക്ഷതത്തെക്കാൾ മറിയയ്ക്ക് സംഭവിക്കാവുന്ന അപമാനത്തെപ്പറ്റിയാണ് ജോസഫ് ചിന്തിക്കുന്നത്. നീതി എന്നത് ഉറ്റവരുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുവാൻ സ്വന്തം ജീവിതം തന്നെ

വിട്ടുനൽകുന്നതാണ് എന്ന് ജോസഫ് നമ്മെ ഓർമ്മിപ്പിക്കുന്നു. നിസ്സഹായതയുടെയും സംഘർഷങ്ങളുടെയും മദ്ധ്യത്തിലും യേശുവിന്റെ ജനനത്തിനുവേണ്ടി ഒരു കുടുംബമായി നിലനില്ക്കുന്നതിലൂടെ ജോസഫും മറിയയും ദൈവരാജ്യത്തിന്റെ മാനവികതയിൽ പങ്കുചേരുകയാണ്. മനുഷ്യർ നിസ്സഹായരാകുന്നിടത്ത്, മറ്റുള്ളവർ തുണയായി കൂടെ ഉണ്ടാകണം എന്ന് ചിന്തിക്കുന്നിടത്ത്, എല്ലാ വ്യത്യസ്തതകളും മറന്ന് ദൈവമക്കൾ എന്ന നിലയിൽ നാം ചേർന്ന് നിൽക്കുകയും ചേർത്ത് നിർത്തുകയും വേണം. പാപത്തിന്റെ അനുഭവത്തിൽ നിന്നും വിടുവിക്കുന്ന യേശുവിനെ ലോകത്തിന് നൽകുവാനും ലോകത്തിന്റെ വിടുതലിനായി പ്രവർത്തിക്കുവാനുമുള്ള നിയോഗം സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. വ്യത്യസ്തരായവരെയും നിസ്സഹായരായവരെയും അരികുകളിൽ ഉപേക്ഷിക്കപ്പെട്ടവരെയും ഉൾക്കൊള്ളുകയും ചേർത്ത് നിർത്തുകയും ചെയ്യുമ്പോഴാണ് സഭ ക്രിസ്തുവിൻെറ ശരീരവും ലോകത്തിന്റെ പ്രതീക്ഷയും ആയിത്തീരുന്നത്.

ഡിസംബർ 21 മാർത്തോമ്മാ സഭാദിനമായി നാം ആചരിക്കുന്നു. യേശുക്രിസ്തുവിന്റെ യാത്രാമൊഴികളാണ് ധ്യാന ഭാഗം. ചഞ്ചലചിത്തരായ ശിഷ്യഗണത്തെ കർത്താവ് ധൈര്യപ്പെടുത്തുന്നു 'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്'. പിതാവിന്റെ ഭവനത്തെക്കുറിച്ചും അവിടെയുള്ള വാസസ്ഥാനത്തെക്കുറിച്ചും ക്രിസ്തുസംസാരിക്കുമ്പോൾ തോമസിന്റെ അന്വേഷണം വഴിയെക്കുറിച്ചുള്ളതായിരുന്നു. അപ്പോഴാണ് കർത്താവ് പ്രഖ്യാപിക്കുന്നത് 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്ന്. തോമസ് അപ്പോസ്തോലന്റെ ഈ തിരിച്ചറിവാണ് ഉത്ഥാനാനന്തരം കിസ്തുവിനെ കണ്ടപ്പോൾ 'എൻെറ കർത്താവും എൻെറ ദൈവവുമേ' എന്ന് ഏറ്റുപറയുവാൻ അദ്ദേഹത്തെ സഹായിച്ചത്. ഓരോ സഭാവിശ്വാസിയും ക്രിസ്തുവിനെ വഴിയും സത്യവും ജീവനുമായി തിരിച്ചറിഞ്ഞ് അവൻ കർത്താവും രക്ഷിതാവുമെന്ന് ഏറ്റുപറയാനുള്ള ആഴമായ വിശ്വാസത്തിൻെറ ദൃഢതയുള്ളവരായി മാറണം. അപ്പോഴാണ് സഭാ ദിനാചരണം അർത്ഥവത്തായിത്തീരുന്നത്.

ഡിസംബർ 22, ജനനപെരുനാളിന് തൊട്ടുമുമ്പുള്ള ഞായറാഴ്ച, സഭയായി നാം ധ്യാനിക്കുന്നത് 'നമ്മുടെ കർത്താവ് സമാഗതനാകുന്നു' എന്നതാണ്. വചനമായ ദൈവത്തിൻെറ ലോകത്തിലേക്കുള്ള ആഗമനമാണിത്. പ്രപഞ്ചത്തെ മുഴുവനും ജീവനിലേക്ക് നയിക്കുന്ന ദൈവിക വചനത്തിന്റെ ആഗമനവും ആവാസവുമാണ് യേശുവിൻെറ ജനനത്തിൽ വെളിവാകുന്നത്. വചനം ശരീരം ധരിച്ച് നമ്മുടെ ഇടയിൽ പാർത്തതാണ് ഏറ്റവും വലിയ ദൈവകൃപ. ഉല്പത്തി പുസ്തകത്തിൽ തൻെറ വചനത്തിലൂടെ പ്രപഞ്ചത്തെ ഉണ്മയിലേക്ക് വരുത്തുന്ന ദൈവപ്രവൃത്തി വിവരിക്കുന്നു. ദൈവത്തിന്റെ മനുഷ്യാവതാരത്തിൻെറ സവിശേഷത 'അവൻ സ്വന്തത്തിലേക്ക് വന്നു' എന്നതും 'അവൻ ലോകത്തിൽ ഉണ്ടായിരുന്നു' എന്നതുമാണ്. എന്നാൽ ലോകത്തിൽ ഉള്ള ക്രിസ്തുവിനെ തിരിച്ചറിയാതെ പോകുന്നുവെന്നതും തിരസ്ക്കരിക്കപ്പെടുന്നുവെന്നതും വേദനാജനകമായ യാഥാർത്ഥ്യമാണ്. അത്തരമൊരു സാധ്യത നിലനിൽക്കുമ്പോൾ തന്നെ, ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് അവനെ കൈക്കൊള്ളുന്നതിലൂടെ ദൈവമക്കൾ എന്ന പദവിയിലേക്കും അധികാരത്തിലേക്കും പ്രവേശിക്കുവാനുള്ള അവസരവും നിലനിൽക്കുന്നു. ദൈവത്തിന്റെ മനുഷ്യാവതാരം യാഥാർത്ഥ്യമാകുന്നത് യേശുവിനെ തിരിച്ചറിയുകയും അവനെ നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുകയും ചെയ്യുമ്പോഴാണ്. ദൈവസാന്നിദ്ധ്യം തിരിച്ചറിയാനും ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തെയും ദൈവം പരിപാലിക്കുന്ന ലോകത്തെയും ദൈവഹിതപ്രകാരം രൂപപ്പെടുത്തുവാനും വിശ്വാസസമൂഹത്തിനു നിയോഗം ലഭിച്ചിരിക്കുന്നു.

ഡിസംബർ 25, ജനനപ്പെരുന്നാളിന്റെ ആചരണത്തിൽ നാം കേൾക്കുന്ന സന്ദേശം ഭയപ്പെടേണ്ട എന്നുള്ള മുഖവുരയോടെയാണ് ആരംഭിക്കുന്നത്. ഭയം ജനിപ്പിക്കുന്ന സാഹചര്യങ്ങളിൽ സർവ്വജനത്തിനുമുണ്ടാകാനുള്ള മഹാസന്തോഷത്തിന് കാരണമായി അറിയിക്കുന്നത് തിരുജനനത്തിൻെറ സദ്വാർത്തയാണ്. 'കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു' (ലൂക്കോസ് 2:11). ഇന്നും ഭയാശങ്ക ഉളവാക്കുന്ന സാഹചര്യങ്ങളിൽ ക്രിസ്തുവിൻെറ ജഡധാരണം യാഥാർത്ഥ്യമാകുമ്പോഴാണ് ക്രിസ്തുമസ് കാലികവും സംഗതവുമായിത്തീരുന്നത്. അപ്പോൾ നമുക്കും ചേർന്ന് പാടാം 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം. എല്ലാവർക്കും അർത്ഥവത്തായ ക്രിസ്തുമസ് ആശംസകൾ അറിയിക്കുന്നു.

ഡിസംബർ 27, ഈ സംവത്സരത്തിൻെറ അവസാന ഞായറാഴ്ചയാണല്ലോ. അന്നേദിവസം ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷതയെ സഭയായി നാം ധ്യാനിക്കുന്നു. കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്ക് വേണ്ടി ഒരുക്കത്തോടും പ്രാർത്ഥനയോടും കാത്തിരിക്കുന്ന സമൂഹമാണ് സഭ. 'കർത്താവേ നിൻെറ മരണത്തെ ഞങ്ങൾ ഓർക്കുന്നു, നിന്റെ ഉയിർത്തെഴുന്നേല്പിനെ ഞങ്ങൾ കൊണ്ടാടുന്നു, നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു' എന്ന് സഭ ഓരോ വി.കുർബ്ബാനയിലും ഏറ്റുപറയുന്നു. ഇത് സഭയുടെ ആഴമായ വിശ്വാസ പ്രഖ്യാപനമാണ്. കാത്തിരിപ്പ് വളരെ ദുഷ്ക്കരമായ അനുഭവമാണ്. സചേതനമായ അനുഭവങ്ങൾ നിർജ്ജീവമായ ആവർത്തനങ്ങൾക്ക് വഴിമാറിയേക്കാം. അത്തരമൊരു സാദ്ധ്യതയെ മുന്നിൽ കണ്ട്കൊണ്ട് കർത്താവ് തന്റെ ശിഷ്യരോട് ജാഗ്രതയോടെയും ഒരുക്കത്തോടെയും കാത്തിരിക്കുവാൻ ആവശ്യപ്പെടുന്നു. ഇവിടെ, ഉയർന്ന തരത്തിലുള്ള ഒരുക്കം കർത്താവ് തന്റെ ശിഷ്യന്മാരിൽ നിന്നും പ്രതീക്ഷിക്കുന്നു. മഹത്വപ്രത്യക്ഷതയെക്കുറിച്ചുള്ള കാത്തിരിപ്പ് നിർജ്ജീവമല്ല നിഷ്ക്രീയവുമല്ല. കാലങ്ങളെ വിവേചിക്കുന്നതും സംഗതമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതുമാണ്. സഭയുടെ ആരാധനയിലൂടെയാണ് ഈ കാത്തിരിപ്പിന്റെ അനുഭവങ്ങളെ അണഞ്ഞുപോകാതെ നിലനിർത്തുവാൻ ഇടയാകുന്നത്. The Church has to sustain its preparation through worship and its creative engagement in the world.

വർഷാവസാനദിനം നാം ധ്യാനിക്കുന്നത് ദൈവം നമ്മുടെ സഹായകനും വീണ്ടെടുപ്പുകാരനും എന്നുള്ളതാണ്. ലോകം മുഴുവൻ മഹാമാരിയാൽ വിറങ്ങലിച്ച് നില്ക്കുമ്പോൾ ദൈവവചനം നല്കുന്ന ആഹ്വാനം 'ചെറിയ ആട്ടിൻ കൂട്ടമെ ഭയപ്പെടരുത് എന്നാണ്' (ലൂക്കോസ് 12: 32). പാണ്ടികശാലകളും കളപ്പുരകളുമല്ല മനുഷ്യന് തൃപ്തി വരുത്തുന്നത്. ആകാശത്തിലെ പറവകളെ പുലർത്തുകയും വയലിലെ താമരയെ അണിയിക്കുകയും ചെയ്യുന്ന ദൈവത്തിലുള്ള ആശ്രയമാണ് നമുക്കാവശ്യം. പുരാതനനായ ദൈവം നിന്റെ സങ്കേതം, കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട് (ആവ. 33:27). ആ വലിയ നിശ്ചയത്തോടും ധൈര്യത്തോടും നമുക്ക് പുതുവത്സരത്തിന്റെ നാളുകളിലേക്ക് പ്രവേശിക്കാം.

ഏവർക്കും പുതുവത്സരാശംസകൾ.

കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

പൂലാത്തീൻ
30.11.2020

**Most Rev.Dr.Theodosius Mar Thoma Metropolitan**
Metropolitan, Malankara Mar Thoma Syrian Church (Niranam Diocese), Poolatheen, Thiruvalla, Pathanamthitta Dist, Kerala - 689 101
Ph: 0469 2630313 (L), +91 9447370700 (M)